# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 582 — 08.07.2014-ൽ മറുപടിക്ക്

## ട്രോളിംഗ് നിരോധന കാലത്ത് ട്രോളിംഗ് നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. സി. മമ്മൂട്ടി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ട്രോളിംഗ് നിരോധന കാലത്ത് ട്രോളിംഗ് നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ട്രോളിംഗ് നിരോധന കാലത്ത് 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്ത് മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ പട്രോളിംഗ് നടത്തുന്നത് കൂടാതെ കോസ്റ്റ് ഗാർഡ്, ഇന്ത്യൻ നേവി തുടങ്ങിയ സ്ഥാപനങ്ങൾ വഴി കടൽ പട്രോളിംഗും സുരക്ഷാ പ്രവർത്തനങ്ങളും നടത്തി വരുന്നു. |
| (ബി) | നിരോധനമുള്ളതുകൊണ്ട് സംസ്ഥാനത്തു നിന്നുള്ള ബോട്ടുകൾ മത്സ്യബന്ധനം നടത്താതെ തീരം വറുതിയിലാവുമ്പോൾ വിദേശ, അന്യ സംസ്ഥാന യാനങ്ങൾ കേരളത്തിന്റെ മത്സ്യബന്ധന മേഖലയിൽ മീൻ പിടിക്കുന്നതായ പരാതി പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിക്കുന്നുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ കേരളത്തിൽ ടെറിട്ടോറിയൽ വാട്ടേഴ്സിൽ (12 നോട്ടിക്കൽ മൈൽ ദൂരം) മത്സ്യബന്ധനം നടത്തുന്ന അന്യസംസ്ഥാന യാനങ്ങളെ ഇംപൗണ്ട് ചെയ്യുകയും പെനാൽറ്റി ചുമത്തുകയും കണ്ടുകെട്ടുകയും ചെയ്യുന്നുണ്ട്. |
| (സി) | ട്രോളിംഗ് നിരോധനം കൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടങ്ങളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (സി) | ട്രോളിംഗ്, മത്സ്യമുട്ടകളെയും, മത്സ്യക്കുഞ്ഞുങ്ങളെയും നശിപ്പിക്കുമെന്നതിനാൽ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുക എന്ന ലക്ഷ്യത്തോടെയാണ് ട്രോളിംഗ് നിരോധനം നടപ്പാക്കി വരുന്നത്. മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അനുകൂലമായ ജീവിത സാഹചര്യം ലഭ്യമാക്കുന്നതിനും മത്സ്യസമ്പത്ത് സംരക്ഷിക്കുക, അമിതമത്സ്യചൂഷണം ഒഴിവാക്കുക, മത്സ്യമേഖലയിൽ നിയന്ത്രണം ഏർപ്പെടുത്തുക, പ്രക്ഷുബ്ധമായ കടലിൽ നിന്നും മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും ഉറപ്പുവരുത്തുക എന്നിവയും ട്രോളിംഗ് നിരോധനം കൊണ്ട് പ്രതീക്ഷിക്കുന്ന നേട്ടങ്ങളാണ്. |

സെക്ഷൻ ഓഫീസർ